# എൻറോൾമെന്റ് തുടങ്ങി
# ഇനിയെല്ലാം ആധാർ



പദ്ധതിയുടെ ജില്ലാതല എൻറോൾമെന്റിന്റെ ഭാഗമായി
ഞ്ചായത്ത് പ്രസിഡന്റ് പി.പി. ശ്യാമളാദേവിയുടെ വിവര
ശേഖരിക്കുന്നു.എൻറോൾമെന്റ് നടപടികൾ വീക്ഷിക്കാനായി
ൽ നിന്നിറങ്ങി വന്ന ഉദ്ഘാടകൻ മന്ത്രി കെ.പി. മോഹനൻ
എംഎൽഎമാരായ എൻ.എ. നെല്ലിക്കുന്ന്, കെ. കുഞ്ഞിരാ
ചന്ദ്രശേഖരൻ എന്നിവർ വേദിയിൽ മുൻനിരയിൽ

കാസർകോട്:രാജ്യത്തെഏതൊരു പൗരനെയും പന്ത്രണ്ടക്ക നമ്പറിലൂടെ തിരിച്ചറിയാൻ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ആധാർ പദ്ധതിയുടെ ജില്ലാതല എൻറോൾമെന്റ് ഉദ്ഘാടനം മന്ത്രി കെ.പി.മോഹനൻ നിർവഹിച്ചു. കാസർകോട് മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ എൻ.എ. നെല്ലിക്കുന്ന് എംഎൽഎ അധ്യക്ഷത വഹിച്ചു. 2012 മാർച്ചോടെ സംസ്ഥാനത്ത് എല്ലാവർക്കും ആധാർ നമ്പർ നൽകാനാണ് ലക്ഷ്യമിടുന്നത്.

ചടങ്ങിൽ എംഎൽഎമാരായ പി.ബി.അബ്ദുൽ റസാഖ്, കെ. കുഞ്ഞിരാമൻ (ഉദുമ), ഇ.ചന്ദ്രശേഖരൻ, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി.ശ്യാമളാദേവി, മുനിസിപ്പൽ ചെയർമാൻ ടി.ഇ.അബ്ദുല്ല, ജില്ലാ പൊല സ് സൂപ്രണ്ട് ശ്രീശുകൻ, പഞ്ച യത്ത് അസോസിയേഷൻ പ്രസി ഡന്റ് മുഹമ്മദ് കുഞ്ഞി ചാ ന്റടി, നഗരസഭാ കൗൺസില രൂപവാണി, രാഷ്ട്രീയപാർട്ടി പ്ര തിനിധികളായ ചെർക്കള അബ്ദുല്ല, ബാലകൃഷ്ണ വൊ കുഡ്‌ലു, സജി സെബാസ്റ്റ്യ പി.കോരൻ, എ.കുഞ്ഞിരാമ നായർ, തോമസ് ജോസഫ് പി.സി.രാജേന്ദ്രൻ, ഹരീഷ് പി. മ്പ്യാർ, എം.കെ. അബ്ദുല്ല, സ വി.ദാമോദരൻ, ബാലകൃഷ്ണ ഷെട്ടി, കെ.സത്യൻ, അക്ഷയ സി. ജില്ലാ കോ - ഓർഡിനേറ്റ കെ.വിനോദ് കുമാർ, അക്ഷ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ട കോരത് വി.മാത്യു, ജില്ലാ ക ക്ടർ കെ.എൻ. സതീഷ്, ജില്ല പ്ലാനിങ് ഓഫിസർ അജയക മാർ മീനോത്ത് പ്രസംഗിച്ചു.

# സഹായധനവിതരണത്തിന് 'ആധാർ' നിർബന്ധമാക്കും - മന്ത്രി കെ.പി. മോഹനൻ

## 'ആധാർ' രജിസ്ട്രേഷൻ തുടങ്ങി



'ആധാർ' രജിസ്ട്രേഷൻ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. പി.പി. ശ്യാമളാദേവിയെ ഉൾപ്പെടുത്തി മന്ത്രി കെ.പി. മോഹനൻ നിർവഹിക്കുന്നു

**കാസർകോട്:** സഹായധനവിതരണം ബാങ്കുകൾ വഴിയാക്കുമെന്നും അതിന് 'ആധാർ' നിർബന്ധമാക്കുമെന്നും കൃഷി-മൃഗസംരക്ഷണ മന്ത്രി കെ.പി. മോഹനൻ പറഞ്ഞു. ഇന്ത്യൻ പൗരന്മാർക്കെല്ലാം ഏകീകൃത തിരിച്ചറിയൽ നമ്പർ (ആധാർ) നൽകുന്നതിനുള്ള ജില്ലാതല രജിസ്ട്രേഷൻ കാസർകോട് മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

തിരിച്ചറിയൽ രേഖകളിൽ കൃത്രിമം കാണിച്ച് ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നത് വ്യാപകമായിരിക്കുകയാണ്. വിവിധ സർക്കാർ സേവനങ്ങൾക്കു വേണ്ടി തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടിവരുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. അത്തരം പ്രശ്നങ്ങൾ ഒഴിവാക്കാനാണ് ആധാർ കൊണ്ടുദ്ദേശിക്കുന്നത്. ആ

ലക്കാരെ ഒഴിവാക്കും. അതോടെ കൃത്യമായ അളവിൽ അർഹതപ്പെട്ടവർക്ക് അത് എത്തിക്കാനാകുമെന്നും മന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു.

അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് ആധാർ രജിസ്ട്രേഷൻ നടത്തുക. അതിന് അക്ഷയ കേന്ദ്രങ്ങൾ വിപുലീകരിക്കാനുള്ള നീക്കവും സർക്കാർ തലത്തിൽ തുട

നൻ പറഞ്ഞു.

എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ. അധ്യക്ഷനായിരുന്നു. അക്ഷയ ഡയറക്ടർ കോരത് വി. മാത്യു, എം.എൽ.എ.മാരായ കെ. കുഞ്ഞിരാമൻ (ഉദുമ), ഇ. ചന്ദ്രശേഖരൻ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. പി.പി. ശ്യാമളാദേവി, കാസർകോട് നഗരസഭ

കൗൺസിലർ രൂപവാണി, ചെർക്കളം അബ്ദുള്ള, ഇ.കെ. നായർ, പി. കോരൻ മാസ്റ്റർ, എ.കുഞ്ഞിരാമൻ നായർ, തോമസ് ജോസഫ്, ഹരീഷ് ബി. നമ്പ്യാർ, എം.കെ. അബ്ദുള്ള, വി. ബാലകൃഷ്ണ ഷെട്ടി എന്നിവർ സംസാരിച്ചു.

കളക്ടർ കെ.എൻ. സതീഷ് സ്വാഗതവും ജില്ലാ പ്ലാനിങ് ഓഫീസർ അജയകുമാർ മീനോത്ത് നന്ദിയും പറഞ്ഞു.